## അസിസ്റ്റന്റ് അമീറിന്റെ പാരഡിയും സൽസബീലിനോടുള്ള പകയും

ശൈഖ്മുഹമ്മദ് കാരക്കുന്ന് എവിടെ? ശൈഖ് ഉമർ അഹ്മദ് മലൈബാരി എവിടെ? അങ്ങനെയൊരു താരതമ്യം തന്നെ അപ്രസക്തമാണ്. ഉമർ മൗലവിയുടെ 'ഓർമകളുടെ തീരത്ത്' കേവലം ഒരു ജീവചരിത്രക്കുറിപ്പല്ല. മറിച്ച് തൗഹീദീ പ്രബോധനവഴിയിൽ ത്യാഗത്തിന്റെ അനേകഘട്ടങ്ങൾ താണ്ടിയ ഇസ്‌ലാഹീപ്രസ്ഥാനത്തിന്റെ കൂടി അതുല്യമായ ചരിത്രരേഖയാണ്. ഏറെ ജനകീയമായ ആ പുസ്തകം മുസ്‌ലിം കേരളം രണ്ടു കൈയും നീട്ടി സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആദർശ ശത്രുക്കളിൽ നിന്നു പോലും ഹൃദ്യമായ സ്വീകരണം ലഭിക്കുമാറ് അതുല്യമായിരുന്നു ആ രചന. ഇപ്പോൾ രണ്ടാം പതിപ്പും വായനക്കാരിലേക്കെത്തി.

അങ്ങനെയിരിക്കെയാണ് 'ഓർമയുടെ ഓളങ്ങളിൽ' എന്ന പേരിൽ ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ ഒരു സൃഷ്ടി ആരാമത്തിൽ വരുന്നത്. മറ്റാരെയും തങ്ങൾ ആക്ഷേപിക്കാറില്ലെന്ന് വമ്പ് നടിക്കാറുള്ള ഒരു പ്രസ്ഥാനത്തിന്റെ അസിസ്റ്റന്റ് അമീർ മഹത്തായ ആദർശപ്രചാരണ പ്രസിദ്ധീകരണമായിരുന്ന സൽസബീലിനെ 'സമുദായത്തിൽ ശൈഥില്യം വളർത്തിയ മാസിക' എന്നാണ് തന്റെ പാരഡി രചനയിൽ പരിചയപ്പെടുത്തിയിരിക്കുന്നത്. സത്യത്തിന്റെ വക്താക്കൾ ശിഥിലീകരണക്കാർ എന്ന ആരോപണം കേൾക്കേണ്ടി വരുന്നത് ഒട്ടും പുതുമയുള്ളതല്ല. പ്രത്യേകിച്ചും ഐക്യത്തിന്റെ പേരിൽ അനൈക്യമുണ്ടാക്കൽ മുഖമുദ്രയാക്കിയ ദുനിയാദീനുകാരിൽ നിന്ന് അതേ പ്രതീക്ഷിക്കേണ്ടതുമുള്ളൂ. ചങ്ങരംകുളം സമ്മേളനം നടക്കുമ്പോൾ പുറത്തിറങ്ങിയ 'പ്രബോധന'ത്തിന്റെ അവസരോചിതമായ 'ഐക്യ'ബോധം നാം കണ്ടതുമാണ്!

### ആളെ നോക്കണ്ട, തെളിവു നോക്കുക

ഇസ്‌ലാമിന്റെ തനതായ ആദർശം പ്രചരിപ്പിക്കുന്ന കാര്യത്തിൽ ഉമർ മൗലവിയും അദ്ദേഹത്തിന്റെ സൽസബീലും നൽകിയ സംഭാവനകൾ എത്ര മഹത്തരമാണ്! ആദർശ എതിരാളികൾക്ക് തന്റെ പ്രസിദ്ധീകരണത്തിൽ കലവറയില്ലാതെ പേജുകൾ അനുവദിക്കുകയും വസ്തുനിഷ്ഠമായ മറുപടി സ്വയം തയ്യാറാക്കിയോ യോഗ്യരായവരുടെ മറുപടികൾ ഉൾപ്പെടുത്തിയോ അവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ശൈലി അമുസ്‌ലിംകൾ പോലും ഏറെ ശ്ലാഘിച്ചിട്ടുള്ളതാണ്. 'ആളെ നോക്കണ്ട, തെളിവു നോക്കുക' എന്ന അദ്ദേഹത്തിന്റെ നിലപാട് പ്രസിദ്ധീകരണത്തിലും തെളിഞ്ഞു കാണാം. ആളെ നോക്കാതെ തെളിവുകൾ നിരത്തി ന്യായം സമർത്ഥിക്കുന്ന സൽസബീലിൽ സി.എൻ. അഹ്മദ് മൗലവി, ചേകന്നൂർ, പി.സി.കടലുണ്ടി തുടങ്ങി വിവധമേഖലയിലെ പ്രഗത്ഭരായ നിരവധി വ്യക്തികളുടെ വ്യതിയാനചിന്തകൾ കശക്കിയെറിയപ്പെട്ടിട്ടുണ്ട്.

ആ കൂട്ടത്തിൽ അദ്ദേഹത്തിന്റെ തൂലികയിലൂടെ ഏറെ വിമർശിക്കപ്പെട്ടത് അബുൽ അഅ്‌ലാ മൗദൂദിയും അദ്ദേഹത്തിന്റെ അനുയായികളും പുലർത്തിയ ആശയദാർശങ്ങളായിരുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ അനിസ്‌ലാമികത അക്കമിട്ടു കേരളജനതയെ തെര്യപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ സൽസബീൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ബാലിശമായ ആരോപണങ്ങൾക്കു പകരം പ്രാമാണികമായി വിശദീകരിക്കുന്ന ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. അനനുകരണീയമായ ലാളിത്യവും ഭദ്രതയും വച്ചു പുലർത്തിയ ആ സന്ദേശം അദ്ദേഹം തന്നെ മുൻ കൈയെടുത്ത് അറബ് ലോകത്തും പ്രചരിപ്പിക്കുകയുണ്ടായി. ഇബാദത്തും ഇസ്‌ലാമിലെ മറ്റു സാങ്കേതിക പദങ്ങളിലും മൗദൂദിക്കു സംഭവിച്ച ഗുരുതരമായ വീക്ഷണ വൈകല്യങ്ങൾ അദ്ദേഹം സുഊദിയിലും ഖത്തറിലും മറ്റുമുള്ള പ്രഗത്ഭരായ ധാരാളം പണ്ഡിതരുടെ ശ്രദ്ധയിൽ കൊണ്ടു വന്നു. മൗദൂദിയുടേയും അദ്ദേഹത്തിന്റെ മതരാഷ്ട്രനിലാപാടുകളിൽ ആകൃഷ്ടനായ സയ്യിദ് ഖുത്ത്വുബിന്റേയും ആദർശവികലതകൾ ഇന്ന് അറബ് ലോകത്ത് സജീവമായ ചർച്ചാവിഷയങ്ങളിൽ ഒന്നാണ്.

ഇബാദത്തിന്റെ അർത്ഥവീക്ഷണത്തിൽ മൗദൂദിയുടെ പിഴവുകൾ ശൈഖ് ഇബ്നുബാസിനെപ്പോലുള്ളവർക്ക് ബോധ്യപ്പെടുകയും ഉമർ മൗലവിയുടെ അതു സംബന്ധിച്ച വിശദീകരണം തന്റെ മജ്മൂഉ ഫത്താവയിൽ ഉൾപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, ഇബാദത്ത് വിഷയത്തിൽ മൗദൂദിക്കും മൗദൂദികൾക്കും മറുപടി നൽകിയ മറ്റു ഫത്‌വകളിലും ശൈഖ് ഇബ്നുബാസ് ഉമർ മൗലവിയുടെ വിശദീകരണം അംഗീകരിച്ചതും മൗദൂദിയെ തള്ളിയതും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### പകയുടെ ഓളങ്ങളിൽ

ആരാമത്തിൽ പ്രത്യക്ഷമായ മൗലവിയോടുള്ള ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ ഓർമയുടെ ഓളങ്ങളിൽ മൗലവിയെ നുണയനായി ചിത്രീകരിക്കാനുള്ള നിലവാരമില്ലാത്ത ശ്വാസം മുട്ടൽ കാണുമ്പോൾ ആ ഓളങ്ങളുടെ തിരതല്ലലിന്ന് പഴയൊരു ചരിത്രമുണ്ടെന്ന് നാം മറക്കരുത്. ഇസ്‌ലാമിനോടുള്ളതിനേക്കാൾ അനുരാഗം മൗദൂദി മൗലാനയോടുണ്ടായപ്പോൾ അന്ന് ഈ വിമർശകന് പ്രവാചകന്റെ പേരിൽ വലിയൊരു കളവു പറയേണ്ടി വന്നു. ഒരു പത്രത്തിൽ അദ്ദേഹമത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

'മക്കാരാജ്യത്ത് തനിക്ക് ഇബാദത്ത് (ആരാധന) ഉണ്ടാകുമെന്ന കാര്യത്തിൽ പിശാച് നിരാശപ്പെടുകയും നിസ്സാരമായ കാര്യങ്ങളിൽ ഇത്വാഅത്ത് (അനുസരണം) ഉണ്ടാകുമെന്നതിൽ അവൻ തൃപതിപ്പെടുകയും ചെയ്യും' എന്ന് നബി(സ) തന്റെ ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അഥവാ ഇബാദത്ത് ഉണ്ടാകും, എന്നാൽ ഇത്വാഅത്ത് ഉണ്ടാവുകയില്ല എന്ന്. ഇബാദത്ത് എന്നാൽ ഇത്വാഅത്ത് അല്ല എന്നതിന് മറ്റു തെളിവുകൾ ആവശ്യമില്ലല്ലോ. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയാകട്ടെ ഒരു കാലത്ത് മതേതരരാജ്യത്തെ സർക്കാർ ജോലി ശിർക്കാണെന്നു വാദിച്ചത് സർക്കാരിനെ അനുസരിക്കുകവഴി ഇബാദത്താണ് ചെയ്യുന്നതെന്ന് ധരിച്ചതു കൊണ്ടായിരുന്നു. ജമാഅത്തിന്റെ ഈ ദുർവാദത്തിന് വ്യക്തമായ മറുപടിയാണ് നബി(സ)യുടെ അന്ത്യ പ്രഭാഷണത്തിലെ മേൽ പ്രഖ്യാപനം. അതുകൊണ്ടു തന്നെ ജമാഅത്തുകാർക്ക് ആ പ്രവാചകവചനത്തെ വളച്ചൊടിച്ച് പ്രവാചകന്റെ പേരിൽ നുണ പറയേണ്ടി വന്നു. മുജാഹിദു വിമർശനം തന്റെ മുഖ്യതൊഴിലായി സ്വീകരിച്ച ശൈഖ് മുഹമ്മദ് കാരക്കുന്ന് ഈ ഹദീഥിന്റെ സാരമെഴുതിയത് ഇപ്രകാരമായിരുന്നു: 'ജനങ്ങളെ, പിശാചിന്ന് നിരാശനാണ്. നിങ്ങളുടെ ഈ രാജ്യം അവന്റെ കൽപന നിരാകരിച്ചിരിക്കുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. അതിനാൽ അവൻ പ്രതികാരം ആഗ്രഹിക്കുന്നു. ശ്രദ്ധിക്കുക സൂക്ഷിക്കുക.' (ചന്ദ്രിക ഈദുൽ അദ്ഹാ സപ്ലിമെന്റ്, 1974 ഡിസമ്പർ 24).

നോക്കൂ, എത്ര വലിയ കൃത്രിമമാണ് ജമാഅത്ത് നേതാവ് കാണിച്ചിരിക്കുന്നത്! യഥാർത്ഥത്തിൽ പിശാചിന്ന് അനുസരണമേ ഉണ്ടാകൂ ഇബാദത്ത്(ആരാധന) ഉണ്ടാവുകയില്ലെന്നാണ് പ്രവാചകൻ(സ) വ്യക്തമാക്കിയത്. ശൈഖ് പറയുന്നു, അനുസരണമുണ്ടാകുന്നതിൽ പിശാച് നിരാശപ്പെട്ടരിക്കുന്നുവെന്ന്! ഇബാദത്ത്, ഇത്വാഅത്ത് എന്ന പദം ഒരേ വാചകത്തിൽ വന്നപ്പോഴുണ്ടായ പതർച്ചയാണ് മൗദൂദിസ്റ്റുകളെ ഇവ്വിധം കൃത്രിമം കാണിക്കാൻ പ്രേരിപ്പിച്ചതെന്നു വ്യക്തം.

ബഹുമാന്യനായ ഉമർ മൗലവി ഇതു കണ്ടപ്പോൾ ഈ വാക്യങ്ങളുടെ അറബിമൂലം ഒന്നയച്ചു തരണമെന്ന് ആവശ്യപ്പെട്ട് ശൈഖ് മുഹമ്മദ് കാരക്കുന്നിന് കത്തയച്ചു. ഉമർ മൗലവി അത് കൈയോടെ പിടി കൂടുകയും ബോധ്യപ്പെടുത്തുകയും ചെയ്ത കാര്യം പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടിപ്പോഴും സൽസബീൽ വിമർശകന്റെ ഉറക്കം കെടുത്തുന്നുണ്ടെന്നത് വാസ്തവം. അദ്ദേഹമാകട്ടെ ഇന്നോളം ആ തെറ്റു തിരുത്താൻ തയ്യാറായിട്ടില്ല. അതൊരു അബദ്ധമായിരുന്നുവെന്ന് ഇതുവരെ ബോധ്യപ്പെട്ടിട്ടുമില്ല. ഉമർ മൗലവിക്കു മറുപടി നൽകാതിരിക്കാൻ കണ്ട ന്യായം അദ്ദേഹത്തെ വിമർശകൻ പരിഗണിച്ചിട്ടില്ല എന്നതായിരുന്നു. അദ്ദേഹത്തെ പരിഗണിച്ചില്ലെങ്കിലും പ്രവാചകൻ(സ)യെ പരിഗണിക്കേണ്ടതായിരുന്നു. പകരം ലിസാനുൽ അറബിന്റെ പേരിൽ ഉമർ മൗലവി നുണയനാണെന്ന് വരുത്താൻ കഴിയുമോ എന്നാണ് കുറച്ചു കാലമായി സൽസബീൽ വിമർശകൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**ലിസാനുൽഅറബും ഇബാദത്തിന്റെ അർത്ഥവും**

ലിസാനുൽ അറബിൽ ഇബാദത്തിന്റെ അർത്ഥം പരിശോധിച്ചിട്ട് അനുസരണം എന്ന അർത്ഥം ബോധ്യപ്പെട്ടില്ല എന്ന് സൽസബീലിൽ എഴുതിയതാണ് സൽസബീലിന്റെ നുണപ്രചാരണത്തിന് തെളിവായി വിമർശകൻ എടുത്തുദ്ധരിച്ചത്. വസ്തുതയെന്താണെന്ന് ഉമർ മൗലവി തന്നെ ഒന്നിലേറെ തവണ വ്യക്തമാക്കുകയും ശൈഖ് മുഹമ്മദിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അതൊന്നും കാണാത്ത മട്ടിൽ തന്റെ പക നിറഞ്ഞ തൂലികയുടെ ഓളങ്ങളിൽത്തന്നെ ഇളകിയാടുകയാണ് ഈ ജമാഅത്ത് വിമർശകൻ. യഥാർത്ഥത്തിൽ ഇബാദത്തിന്റെ ഭാഷാർത്ഥമല്ല ഉമർ മൗലവി അന്വേഷിച്ചത്. മറിച്ച് ഇയ്യാക നഅ്ബുദു പോലെ അല്ലാഹുവിനു മാത്രം അർപിക്കേണ്ട ഇബാദത്തിന് നൽകേണ്ട അർത്ഥമെന്താണ് എന്ന കാര്യമാണ്. അഥവാ സാങ്കേതികമായി ഇബാദത്തിന് അനുസരണം എന്നർത്ഥമുണ്ടെന്ന് ലിസാനുൽ അറബിൽനിന്ന് ബോധ്യപ്പെടുത്താൻ വിമർശകന് ഇന്നോളം സാധിച്ചിട്ടുമില്ല. ഉമർ മൗലവി ജമാഅത്തെ ഇസ്‌ലാമിക്കെതിരെ പുറത്തിറക്കിയ ഒന്നാമത്തെ ലഘുലേഖയിൽത്തന്നെ ഇബാദത്തിന് അനുസരണം എന്ന അർത്ഥം അംഗീകരിച്ചിട്ടുണ്ട്. മാത്രമല്ല, കരി എന്ന പദത്തിന്റെ നാനാർത്ഥങ്ങൾ ചൂണ്ടിക്കാട്ടുകയും സന്ദർഭോചിതം യോജിച്ച അർത്ഥം തെരഞ്ഞെടുക്കലാണ് ന്യായമെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുമുണ്ട്. അതു കൊണ്ടു തന്നെ ഇബാദത്തിന്റെ ഭാഷാർത്ഥമാണ് മൗലവി ലിസാനുൽ അറബിൽ തെരഞ്ഞതെന്ന ശൈഖ് മുഹമ്മദിന്റെ വാദം തികച്ചും നുണയാണ്. പെരും നുണ!

എന്നാൽ സംഗതി മറ്റൊന്നാണ്, ലിസാനുൽ അറബ് പരതിയാലും അനുസരണമാണ് ഇബാദത്തെന്നു കിട്ടുകയില്ലെന്ന് മൗലവി വ്യക്തമാക്കിയതിന്റെ തൊട്ടുടനെ ഒരു കാര്യമുണ്ട്, 'പ്രവാചകരുടെ പേരിൽ കള്ളഹദീഥ് കെട്ടിയത് പരസ്യമായി കുറ്റം സമ്മതിച്ച് തിരുത്തുക. ഏതാണെന്ന് മനസ്സിലാകാത്തവർ ശൈഖ് മുഹമ്മദ് കാരക്കുന്നിനോട് ചോദിക്കുക'. ഇതു വരെ ശൈഖ് മുഹമ്മദ് ആ തെറ്റു തിരുത്തിയില്ലെന്നു മാത്രമല്ല, മുഖാമുഖം എന്ന തന്റെ പുസ്തകത്തിൽ (പേ.95) ന്യായീകരിക്കുകയാണ് ചെയ്തിട്ടുള്ളത്, മൗലവിയെ നുണയനാക്കി മുഖം നന്നാക്കാമോയെന്ന വൃഥാശ്രമവും!

**ബാലിശമായ ആരോപണങ്ങൾ**

പ്രമാണബദ്ധമായി ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയെന്ന ദൗത്യം വിട്ടുവീഴ്ചയില്ലാതെ നിർവഹിക്കുന്ന, ഇസ്‌ലാമിന്റെ ആധാരമായ തൗഹീദ് തനതായ രീതിയിൽ നിലനിൽക്കാൻ അവിശ്രമം പോരാടുന്ന മുജാഹിദ് പ്രസ്ഥാനമാണ് തിന്മയെന്ന മട്ടിൽ ശിർക്ക് ബിദ്അത്ത് ഖുറാഫാത്തുകളെ കണ്ടില്ലെന്നു നടിക്കുകയോ ശാഖാപരമായി കാണുകയോ ചെയ്യുന്ന ശൈഖ് മുഹമ്മദ് മുജാഹിദ് വിമർശനം തന്റെ തൊഴിലിന്റെ പ്രധാനഭാഗമാക്കി. സന്ദർഭത്തിൽ നിന്നടർത്തിയെടുക്കുന്ന ചില 'കട്ട് ആന്റ് പേസ്റ്റുകൾ' അല്ലാതെ വൈജ്ഞാനികമൂല്യം ഈ മുജാഹിദ് വിമർശനങ്ങളിൽ ഒരിക്കലും കാണാറുമില്ല. എന്നിട്ടിപ്പോൾ ശൈഖ്പറയുന്നു, എന്റെ സമയം മുഴുവൻ മുജാഹിദ് പ്രസ്ഥാനം കവർന്നെടുത്തുവെന്ന്!

സൽസബീൽ മൗദൂദിയേയും ജമാഅത്തിനേയും തേജോവധം ചെയ്യാൻ എന്തു കള്ളത്തരം കാണിക്കാനും വ്യാജം പ്രചരിപ്പിക്കാനും പിശുക്കു കാണിച്ചില്ലെന്നാണ് ശൈഖിന്റെ ഒരു പ്രധാന പരാതി. ഈ ആരോപണം തെളിയിക്കാൻ ശൈഖിന് ബാധ്യതയുണ്ട്. തന്റെ ഒരു വിവരക്കേടിനെ സൽസബീലിന്റെ കളവായി അവതരിപ്പിക്കുകയാണ് വിമർകൻ ചെയ്യുന്നത്.

'ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന ഇങ്ങനെ മൂന്നർത്ഥമുണ്ടെന്നു പറഞ്ഞത് ഏറ്റവും വലിയ വിവരക്കേടാണ്. ആ മൂന്നർത്ഥം തൗഹീദിൽ പരിഗണിക്കണമെന്ന് പറഞ്ഞത് ഏറ്റവും വലിയ വിവരക്കേടാണ്. അറബിയും അറിഞ്ഞു കൂടാ. ഇസ്‌ലാമിന്റെ തൗഹീദും അറിഞ്ഞു കൂടാ' മറ്റൊരു ലക്കം സൽസബീലിൽ വന്ന ഉമർ മൗലവിയുടെ ഈ വരികളാണ് അനുസരണം എന്ന് അർത്ഥം പറയുന്ന കാര്യത്തിൽ ഉമർ മൗലവി കളവു പറയുകയാണെന്നതിന് അടിവരയിടാൻ വിമർശകൻ എടുത്തു ചേർത്ത മറ്റൊരു ഉദ്ധരണി. ഈ പരാമർശം നടത്തിയത് തർക്കത്തിലിരിക്കുന്ന ഇബാദത്തിനെക്കുറിച്ചാണെന്ന് വ്യക്തം. അതായത് അല്ലാഹുവിനു മാത്രം നൽകേണ്ട ഇബാദത്തിന് ഈ മൂന്നർത്ഥം പറയാൻ പറ്റില്ല എന്ന്! ഇബാദത്തിന് അടിമത്തം എന്ന അർത്ഥം ഭാഷയിൽപ്പോലും ഇല്ല താനും. അതു തെളിയിക്കാൻ വിമർശകന്നു കഴിയുമെങ്കിൽ തെളിയിക്കട്ടെ. ഭാഷാപരമായി ഇബാദത്തിന് നൽകപ്പെടാറുള്ള നിരവധി അർത്ഥങ്ങളിൽ അനുസരണം ഉണ്ടോ ഇല്ലേ എന്നതു തന്നെ ജമാഅത്തുമായി മുജാഹിദു പ്രസ്ഥാനത്തിനുള്ള അഭിപ്രായ വ്യത്യാസങ്ങളുടെ പരിധിയിൽ വരുന്നതേയല്ല. വിഷയം വഴി മാറ്റാൻ ജമാഅത്ത് നേതാക്കൾ അനുസരണത്തിന്റെ മറവിൽ അങ്ങനെയൊരു പുകമറ സൃഷ്ടിക്കാറുണ്ടെന്നു മാത്രം. വിമർശകൻ ആരാമത്തിലെഴുതിയ ലേഖനത്തിൽത്തന്നെ ഉമർ മൗലവി വളരെ വർഷങ്ങൾക്ക് മുമ്പ് എഴുതിയ ഒരു ഉദ്ധരണി എടുത്തു ചേർത്തതു നോക്കൂ: 'നൂറു കണക്കിന് സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ഇബാദത്തിന് രണ്ടോ മൂന്നോ

സ്ഥലങ്ങളിൽ അനുസരണം എന്നുദ്ദേശിക്കാമെന്നു വച്ച് എല്ലാ സ്ഥലങ്ങളിലും ആ അർത്ഥം കൊണ്ട് സായൂജ്യം നേടാനുള്ള വ്യഗ്രതയിൽ സംഭവിച്ചതാണിതെല്ലാം' (സൽസബീൽ 1972 ജൂലൈ 17). അതായത് ഖുർആനിലെ ഒന്നോ രണ്ടോ ഇടങ്ങളിൽ ഭാഷാർത്ഥം പരിഗണിച്ച് അനുസരണം എന്ന് അർത്ഥം പറയുന്നതിന് വിരോധമില്ലെന്നത് അംഗീകരിക്കുകയും അതേ സമയം അല്ലാഹുവിനു മാത്രം നൽകേണ്ട ഇബാദത്തിനെക്കുറിച്ചുള്ള ചർച്ചയിൽ ആ അർത്ഥം പറഞ്ഞു കൂടന്നു ബോധ്യപ്പെടുത്തുകയുമാണ് മൗലവി. ജമാഅത്തെ ഇസ്‌ലാമിയുടെ വാദങ്ങളെ ഖണ്ഡിച്ചു കൊണ്ട് ഉമർ മൗലവി ഏറ്റവുമാദ്യം പുറത്തിറക്കിയ ലഘുലേഖയിൽപ്പോലും അക്കാര്യം സമർത്ഥിച്ചിട്ടുണ്ട്. കരിയുടെ നാനാർത്ഥങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഭിന്നാർത്ഥങ്ങൾ മുഴുവനും ഒരുമിച്ചു പരിഗണിക്കണമെന്ന പരിഹാസ്യമായ മൗദൂദിയൻ നിലപാടിനെ മൗലവി ചോദ്യം ചെയ്തത്. വൈരുധ്യമെന്ന നിലയിലാണ് ഉമർ മൗലവിയുടെ ഈ പഴയ ലേഖനഭാഗം ശൈഖ് മുഹമ്മദ് എടുത്തു ചേർത്തതെങ്കിലും ഇന്നും മുജാഹിദ് പ്രസ്ഥാനം അതേ കാര്യം തന്നെയാണ് ജമാഅത്തുകാരെ ബോധ്യപ്പെടുത്തുന്നത്.

മൗദൂദിക്കു മുമ്പാരും അല്ലാഹുവല്ലാത്തവരെ അനുസരിക്കലും അല്ലാഹു അല്ലാത്തവർക്ക് അടിമവേല ചെയ്യലും ശിർക്കാണെന്നു പറഞ്ഞിട്ടില്ലെന്നു പറഞ്ഞ് ഏതാനും വർഷം കഴിഞ്ഞ് ഇമാം റാസിക്കും ഈ വിഷയത്തിൽ തെറ്റു പറ്റിയിട്ടുണ്ടെന്നു മൗലവി എഴുതി എന്നതാണ് ശൈഖ് മുഹമ്മദിന്റെ മറ്റൊരു ആരോപണം. മൗദൂദിക്ക് മുമ്പ് ജമാഅത്തുകാർ നൽകുന്ന മൂന്നർത്ഥ പ്രയോഗം നൽകിയത് ആരാണെന്ന് ഇന്നോളം വിമർശകർ വ്യക്തമാക്കിയിട്ടില്ല. റാസിയടക്കം ഒരാളേയും മൗദൂദി നൽകിയതിന് തുല്യമായ അർത്ഥം നൽകിയതിന് തെളിവായി അവർ ഉദ്ധരിച്ചിട്ടുമില്ല. എന്നാൽ റാസി യാസീൻ സൂറത്തിനു നൽകിയ തഫ്സീറിൽ ഒരിടത്ത് ഇബാദത്തിന് അനുസരണം എന്ന വിശദീകരണം (മൂന്നർത്ഥവും ഒരുമിച്ചല്ല!) നൽകിയത് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഉമർ മൗലവി അദ്ദേഹത്തെ വിമർശിച്ചിട്ടുണ്ട്. എന്നാൽ ആ തഫ്സീർ റാസി നൽകിയതല്ല എന്ന് വ്യക്തമാണ്. പിന്നീട് ചേർക്കപ്പെട്ടതാണെന്ന് അവിടെത്തന്നെ വ്യക്തമായ തെളിവുണ്ട്. മാത്രവുമല്ല, ഇബാദത്ത് എന്നാൽ അനുസരണമെന്നു പറയാൻ പറ്റില്ലെന്ന് സൂറത്തുൽ ബയ്യിനയുടെ തഫ്സീറിൽ റാസി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതു ശ്രദ്ധയിൽപ്പെട്ടപ്പോൾ റാസി മൗദൂദിയുടെ വീക്ഷണക്കാരനല്ലെന്നും മൗലവി ചൂണ്ടിക്കാട്ടി. അതിനേയും വൈരുധ്യങ്ങളുടെ കൂട്ടത്തിൽ ഈ വിമർശകൻ മുമ്പൊക്കെ ഉൾപ്പെടുത്താറുണ്ടായിരുന്നു!

**മൗദൂദിയും അറബിഭാഷാപരിജ്ഞാനവും**

മൗദൂദിസാഹിബിന് അറബി അറിയുകയില്ലെന്ന് ഉമർ മൗലവി വാദിച്ചുവെന്നതാണ് ഉമർമൗലവിയെ നുണയനാക്കാനുള്ള ശൈഖിന്റെ മറ്റൊരു രേഖ. അതിന് ഇത്രയും കഷ്ടപ്പെടേണ്ടതില്ല, മൗദൂദി അറബിയിൽ നൽകിയ ഒരു സംഭാവനയിങ്ങ് പ്രദർശിപ്പിച്ചാൽ മതിയാകുമല്ലോ. ഒരു ലഘുലേഖയെങ്കിലും മൗദൂദിയുടേതായി വന്നിട്ടില്ലെന്നു മാത്രമല്ല, ഗുരുതരമായ അബദ്ധങ്ങൾ നിരവധി വിഷയങ്ങളിൽ അറബിഭാഷാപരിജ്ഞാനം ഇല്ലായ്ക നിമിത്തം മൗദൂദിയിൽ നിന്ന് വെളിപ്പെട്ടത് ഉമർ മൗലവി അടക്കമുള്ളവർ പലതവണ തെളിയിച്ചിട്ടുണ്ട്. ഉമർ മൗലവിയും മൗദൂദിയും അറബികളൊന്നിച്ച് ഒരുമിച്ചുണ്ടായ സദസ്സുകളിലെ അനുഭവങ്ങൾ അക്കാലത്തു തന്നെ മൗലവി സൽസബീലിലൂടെയും മറ്റും വ്യക്തമാക്കിയുട്ടള്ളതാണ്. കേവലം അഞ്ചു മിനിട്ട് നീളമുള്ള ഒരു നന്ദിപ്രസംഗം പോലും അറബിയിൽ നടത്താൻ മൗദൂദിക്ക് കഴിയുമായിരുന്നില്ല. ചില ആയത്തുകൾ വിശദീകരിക്കുമ്പോൾ വിരുദ്ധാർത്ഥം പറഞ്ഞ് മൗദൂദി പരിഹാസ്യനായതും ഓർമിപ്പിക്കേണ്ടി വരുന്നതിൽ ഖേദമുണ്ട്. മൗദൂദിയുടെ രചനകളാകട്ടെ മുഴുവൻ ഉർദുവിൽ മാത്രമാണ്. അത് അറബിയിലേക്ക് വിവർത്തനം ചെയ്യാൻ ഭീമമായ പ്രതിഫലം നിശ്ചയിച്ച് ദാറുൽ ഉറൂബത്ത് എന്ന പേരിൽ ഒരു സംഘത്തെ നിയോഗിക്കുകയാണ് മൗദൂദി ചെയ്തിട്ടുള്ളത്. ആദ്യകാലത്ത് വിവർത്തകന്റെ പേരു വെക്കാറുണ്ടായിരുന്നുവെങ്കിലും പിന്നീട് മുഴുവൻ വിവർത്തനങ്ങളും മൗദൂദിയുടെ പേരു വെച്ചു മാത്രം പുറത്തിറക്കുകയായിരുന്നു. മൗദൂദിക്ക് അറബിയിൽ രചന കഴിയാത്തതു കൊണ്ടു തന്നെയാണിതെന്ന് ഉമർ മൗലവി എഴുതിയത് എങ്ങനെ നുണയാകുമെന്ന് വിമർശകൻ വ്യക്തമാക്കണം. ഉമർ മൗലവി സൗദിയിലുണ്ടായിരുന്ന കാലത്ത് മൗദൂദി സാഹിബ് എല്ലായിടത്തും സഞ്ചരിച്ചത് ദ്വിഭാഷിയോടൊന്നിച്ചാണെന്നത് ഉമർ മൗലവിക്ക് നേരിട്ടു ബോധ്യപ്പെട്ട കാര്യമാണ്. മാത്രവുമല്ല, ജിദ്ദയിലെ ശൈഖ് മുഹമ്മദ് നസ്വീഫ് കുറേ പ്രമുഖരൊന്നിച്ച് മൗദൂദിക്ക് നൽകിയ സൽക്കാരത്തിനു ശേഷം മൗദൂദി നന്ദിപ്രകടനം നടത്തിയത് ഉറുദുവിലായിരുന്നു. ദ്വിഭാഷി അത് അറബിയിലേക്ക് ഭാഷാന്തരപ്പെടുത്തുകയാണുണ്ടായത്. അറബിയിൽ പ്രസംഗിക്കാൻ കഴിയാത്തതു കൊണ്ടാണല്ലോ അങ്ങനെ വേണ്ടി വന്നതെന്ന് ഉമർ മൗലവി ചോദിച്ചത് ന്യായമല്ലേ. അന്ന് മൗദൂദി 'വലാ തഹിനൂ വതദ്ഊ ഇല സ്സിൽമി' എന്ന ആയത്ത് വിശദീകരിച്ചപ്പോൾ 'വ തദ്ഊ' എന്നതിന് ക്ഷണിക്കുക എന്നർത്ഥം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ അപകടകരമായ വിശദീകരണം നൽകുകയും ചെയ്തിരുന്നു. അവിടെ ക്ഷണിക്കരുത് എന്നാണ് ശരിയായ അർത്ഥം. മൗദൂദിയുടെ അറബി ഭാഷയിലെ വിവരക്കേട് നിമിത്തം വിഷയം കീഴ്ക്കാം തൂക്കായി. അല്ലാഹു വിരോധിച്ച കാര്യം കൽപിച്ചതായി മാറി! ഈ തെറ്റ് ചൂണ്ടിക്കാട്ടി കെ.എം.മൗലവി മൗദൂദിക്ക് എഴുത്തയച്ചെങ്കിലും മൗദൂദി പരിഗണിക്കുകയുണ്ടായില്ല. (തെറ്റു ചൂണ്ടിക്കാട്ടുമ്പോൾ പരിഗണിക്കാതിരിക്കലാണല്ലോ വലിയ യോഗ്യത!) നേരത്തേ മൗദൂദിയുമായി പരിചയവും ബന്ധവുമുണ്ടായിരുന്ന കെ.എം. മൗലവിയുമായുള്ള ആ ബന്ധം അതോടെ മുറിയുകയാണുണ്ടായത്. 'അബ്ദ് എന്നാൽ അടിമ, അതുകൊണ്ട് ഇബാദത്ത് എന്നാൽ അടിമവേല' എന്നു പറഞ്ഞ് ഇസ്‌ലാമിലെ സർവപ്രധാനമായ 'ഇബാദത്ത്' എന്ന പദത്തിന് അടിമത്തം എന്ന അർത്ഥം മുഖ്യമാക്കി അവതരിപ്പിച്ചതും അറബിഭാഷയിലുള്ള, കേവലമായ അറബിഭാഷാനിയമത്തിൽപ്പോലുമുള്ള വിവരക്കേടുകൊണ്ടല്ലേ എന്ന മൗലവിയുടെ ചോദ്യം ഇന്നും പ്രസക്തം തന്നെ.

## പെണ്ണുങ്ങളുടെ മുമ്പാകെ വല്ലാത്തൊരു നിരീക്ഷണം

കൂട്ടത്തിൽ കുഞ്ഞുകുഞ്ഞു പ്രാരാബ്ധങ്ങൾ കൂടി നിരത്തി തന്റെ പകയുടെ ഓളങ്ങളിൽ ചാലിച്ചെടുത്ത ആരാമം ലേഖനത്തിൽ വിമർശകന്റെ ഒരു പ്രധാന നിരീക്ഷണം മുജാഹിദുകൾ ജമാഅത്തിനെതിരെ ഉന്നയിച്ച വാദങ്ങളിൽ നിന്ന് പിൻമാറാനും അവ ഉപേക്ഷിക്കാനും നിർബന്ധിതരായി എന്നാണ്. പറയുന്നത് പെണ്ണുങ്ങളോടായതു കൊണ്ട് കൊള്ളാം. മൗദൂദി ഉയർത്തിപ്പിടിച്ച ആദർശങ്ങൾ ഒന്നൊന്നായി കൈയൊഴിഞ്ഞ് ആദ്യകാലത്ത് മുസ്‌ലിംകളെ മുശ്‌രിക്കാക്കാൻ കാണിച്ച അഭ്യാസങ്ങൾ മറന്ന്, അന്നത്തെ ശിർക്കെല്ലാം ഇന്ന് തൗഹീദായി അന്നത്തെ കുഫ്റെല്ലാം ഇന്ന് ഈമാനായി, ആറു പതിറ്റാണ്ടുകൾക്കിപ്പുറം മുജാഹിദ് പ്രസ്ഥാനം പണ്ടു പറഞ്ഞു കൊടുത്ത വാദങ്ങൾ പ്രയോഗതലത്തിലെങ്കിലും അംഗീകരിച്ച്, എന്നാൽ പഴയതൊന്നും പരസ്യമായി തിരുത്താതെ, കണ്ണടച്ചാൽ പിന്നെ ആരും കാണില്ലെന്ന മട്ടിൽ നാണമില്ലാതെ നടക്കേണ്ടിവന്ന തലപോയ പ്രസ്ഥാനത്തിന്റെ അമീറിന്റെ അസിസ്റ്റന്റാണ് ഈ നിരീക്ഷണം നടത്തുന്നതെന്നോർക്കണം.

ഈയൊരു തലതിരിഞ്ഞ നിരീക്ഷണത്തിന് വിമർശകന്റെ മഹത്തായ തെളിവ് 'ഇബാദത്തിന് അറബി ഭാഷയിൽ അനുസരണം അടിമവേല എന്നീ അർത്ഥങ്ങളില്ലെന്നു പറയാൻ അവർ ധൈര്യപ്പെടുകയില്ല. ഇപ്പോൾ അങ്ങനെ പറയാറുമില്ല' എന്നതാണ്. മുജാഹിദ് പ്രസ്ഥാനത്തിലെ ഏറ്റവും വലിയ ജമാഅത്ത് വിമർശകൻ എന്ന് ജമാഅത്തുകാർ കണക്കാക്കുന്ന ഉമർ മൗലവി ജമാഅത്തിനെതിരെയുള്ള ഒന്നാമത്തെ ലഘുലേഖയിൽപ്പോലും ഭാഷാർത്ഥങ്ങളിൽ അനുസരണം എന്നത് അംഗീകരിച്ചതും എന്നാൽ തർക്കത്തിന്റെ മർമ്മമെവിടെയെന്നും നേരത്തേ സൂചിപ്പിച്ചുവല്ലോ. എന്നാൽ അടിമവേല എന്ന അർത്ഥം ഒരു കാലത്തും മുജാഹിദ് പ്രസ്ഥാനം അംഗീകരിച്ചിട്ടില്ല. അതു തെളിയിക്കാൻ വിമർശകർക്ക് സാധ്യവുമല്ല. അമാനി മൗലവിയുടെ വ്യാഖ്യാനത്തിന്റെ ആദ്യപതിപ്പിൽ അബദ്ധവശാൽ അങ്ങനെയൊരർത്ഥം പ്രത്യക്ഷപ്പെട്ടത് തുടർ പതിപ്പുകളിൽ മൗലവിയുടെ നിർദ്ദേശപ്രകാരം തന്നെ ഒഴിവാക്കിയിട്ടുള്ളതാണ്.

ഇസ്‌ലാമിക ഭരണമില്ലാത്ത രാജ്യങ്ങൾ ദാറുൽ ഹർബാണെന്നും പള്ളികളിൽ നിന്നുള്ള ബാങ്കു പോലും യുദ്ധത്തിന്റെ ശംഖൊലിയാണെന്നും നമസ്കാരം ചുരുങ്ങിയ വൃത്തത്തിൽ ഭരണകൂടം നടത്താനുള്ള പരിശീലനമാണെന്നും, ഇപ്പോൾ കണ്ടെത്തിയതു പോലെ ഉമ്മമാർ കുഞ്ഞുങ്ങളെ മുലയൂട്ടുന്നതു പോലും മതരാഷ്ട്രബോധം ചുരത്തിക്കൊണ്ടാണെന്നുമുള്ള വാദമുണ്ടല്ലോ, അതു സമർത്ഥിക്കാനാണ് മൗദൂദിയും സംഘവും ഇസ്‌ലാമിലെ ഇബാദത്ത് ഉൾപ്പെടെയുള്ള സാങ്കേതിക ശബ്ദങ്ങളെ മാറ്റിമറിച്ചത്. അതിനെ കേവലം അർത്ഥവ്യഖ്യാനപ്രശ്നമായി ചെറുതാക്കാമെന്നു മോഹിച്ചാൽ നിരാശ തന്നെയാവും ഫലം.

അഹ്‌ലുശ്ശീഅത്തിന്റെ ഇമാമത്തു വാദവും ഖവാരിജിന്റെ ഹാകിമിയ്യത്തുല്ലാഹ് വാദവും സമാസമം ചേർത്ത് ഇസ്‌ലാമിന്റെ തൗഹീദിനെ തികച്ചും രാഷ്ട്രീയവൽക്കരിച്ച് ഭൗതികനേട്ടങ്ങൾക്ക് മുഖ്യസ്ഥാനം നൽകി, ആഖിറത്തിന്റെ അജണ്ടകളെ ശാഖാപരമായി കാണുന്ന മൗദൂദിസത്തിന്റെ തീവ്രവാദമുഖം എത്ര മറച്ചു വെച്ചാലും അത് അതിന്റെ വൈകൃതത്തോടെ പുറത്തു വരിക തന്നെ ചെയ്യും. തീവ്രവാദം എവിടെയുണ്ടോ അവിടെ മൗദൂദിസമുണ്ട് എന്ന മട്ടിൽ മുന്നോട്ടു നീങ്ങുന്ന നിലപാടിനെ കേവലം ഭാഷാപരമായ അർത്ഥപ്രശ്നങ്ങളിൽ തളച്ചിടാമെന്ന മോഹം ശൈഖ് സാഹിബേ ഇറക്കി വെച്ചേക്കുക. ഉഥാമ ബിൻ ലാദിനും ജമാഅത്തുദ്ദഅ്‌വയും അൽക്വാഇദയും നൂറ്റൊന്നു സലഫിസം ആവർത്തിച്ചാലും ഇഖ്‌വാനീ ബലത്തിൽ നിന്നും മൗദൂദിയുടെ വൃത്തത്തിൽ നിന്നും ആവിഴുപ്പൊന്നും ഇറക്കിവെക്കാൻ കഴിയുകയുമില്ല. എന്നിട്ടല്ലേ സൽസബീലിൽ ശൈഥില്യം കാണുന്നുവെന്ന് പെണ്ണുങ്ങളോടുള്ള ഈ ഗീർവാണം!

പ്രസ്ഥാനരൂപീകരണത്തിനു കാരണമായ തീവ്രവാദ അജണ്ടകൾ സമർപ്പിച്ചതിന്റെ പേരിൽ തൗബചെയ്യുകയും പ്രവാചകൻമാർ നിർവഹിച്ചതും മുസ്‌ലിം ഉമ്മത്തിനെ ഏൽപിച്ചതുമായ ദഅ്‌വത്തിന്റെ അജണ്ട പ്രധാനമായി സ്വീകരിച്ച് മുന്നോട്ടു വരികയും മാത്രമാണ് ജമാഅത്തെ ഇസ്‌ലാമിക്ക് കരണീയമായിട്ടുള്ളത്. സംഗീതവും സിനിമയുമടക്കം ശത്രുവിന്റെ വഴിയിൽ മുന്നിൽ നടന്ന് ധാർമികതയിൽ നിന്ന് സമൂഹത്തെ ദൂരെയാക്കുന്ന ധാരകൾ തിരിച്ചറിയപ്പെടുകയും വേണം.